# പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1076 08/02/2013 - ൽ മറുപടിയ്ക്ക്

## എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് അഭിരുചി പരീക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് അഭിരുചി പരീക്ഷ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) വിദ്യാർത്ഥികളുടെ ജന്മസിദ്ധമായ അഭിരുചി, താല്പര്യം, വ്യക്തിത്വ സവിശേഷതകൾ എന്നിവ ശാസ്ത്രീയമായി വിലയിരുത്തി അവർക്ക് ഏറ്റവും അനുയോജ്യമായ ഉന്നത വിദ്യാഭ്യാസ മേഖല നിർദ്ദേശിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. |
| (സി) അഭിരുചി പരീക്ഷ നടത്തുന്നത് എങ്ങനെയാണ്; വിശദമാക്കുമോ; | (സി) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജിയുടെ വെബ് പോർട്ടലായ |

www.sietkerala.gov.in വഴി ഓൺലൈനായാണ് അഭിരുചി പരീക്ഷ നടത്തുന്നത്.

(ഡി) വിദ്യാർത്ഥികളുടെ മാനസിക ബൗദ്ധിക ശേഷി വിലയിരുത്തി, അവരെ ഏത് മേഖലയിലേയ്ക്ക് തിരിച്ച് വിടണമെന്ന കാര്യത്തിൽ, ഈ പരീക്ഷ എങ്ങനെ പ്രയോജനപ്പെടുത്താനാകും എന്നാണ് കരുതുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) പത്താം ക്ലാസിലെ മാർക്ക് മാനദണ്ഡമാക്കി ഉപരിപഠന മേഖല തിരഞ്ഞെടുക്കുന്ന രീതിയാണ് ഇപ്പോൾ നിലവിലുള്ളത്. ഇതിന് പകരം വികസിത രാജ്യങ്ങളിൽ പിന്തുടരുന്ന രീതിക്ക് സമാനമായി ഒന്നര മണിക്കൂർ ദൈർഘ്യമുള്ള ഓൺലൈൻ പരീക്ഷയിലൂടെ ഓരോ വിദ്യാർത്ഥിയുടെയും അഭിരുചി, താല്പര്യം, വ്യക്തിത്വ സവിശേഷതകൾ എന്നിവ വിലയിരുത്തി അവർക്ക് ഏറ്റവും അനുയോജ്യമായ ഉപരിപഠന മേഖലയും അതുവഴി തൊഴിൽ മേഖലയും നിർദ്ദേശിക്കുന്നതിനാണ് അഭിരുചി പരീക്ഷ നടത്തുന്നത്. ഇത് വിദ്യാർത്ഥികൾക്ക് വ്യക്തമായ ലക്ഷ്യബോധം നല്കുകയും വ്യക്തിത്വവികസനത്തിനും ജീവിതവിജയത്തിനും സഹായകരമായി മാറുകയും ചെയ്യും എന്ന് കരുതുന്നു.

Sreedev
സെക്ഷൻ ഓഫീസർ